DESPATCHED On 25/02/2020

1.1.20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 987(*2*)/*2018*/***എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.14588/*എസ്.ഐ.സി-ജി 6/2018*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീമതി.ലേഖ.എസ്,
കിഴക്കിടത്ത് പുത്തൻവീട്, കണ്ടച്ചിറ
പെരിനാട്. പി. ഒ.,
കൊല്ലം – 691601 } **അപ്പീൽ ഹർജിക്കാരൻ**

**Vs**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
മാനേജർ(ഫിനാൻസ് &അഡ്മിനിസ്ട്രേഷൻ)
കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്,
വഴുതയ്ക്കാട്, തിരുവനന്തപുരം–695 014 } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.12.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 13.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 14.12.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21.08.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.09.2019 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടി അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നും മേൽപ്പടി വീഴ്ച വരുത്തിയ എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരി 29.10.2018 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഇനം 1-ൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ ഒരു യൂണിറ്റായ കൊല്ലം ചന്ദനത്തോപ്പിലെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ പദവിയിൽ തൊഴിൽ പുനരധിവാസ വകുപ്പ് 03.08.2009 തിയതിലെ G.O.(Rt) No.1142/2009/LBR പ്രകാരം 25,400-33,100 രൂപ ശമ്പള സ്കെയിലിൽ സ്ഥിരനിയമനം നൽകിയ ശ്രീ. ഗിരീഷ് പി.റ്റി യെ യാതൊരുവിധ നോട്ടീസും നൽകാതെയും കാരണങ്ങൾ കാണിക്കാതെയും 21.07.2018 ൽ ഇ-മെയിൽ വഴി സർവ്വീസിൽ നിന്നും പിരിച്ചുവിട്ട നടപടി തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമല്ലേ എന്നും, ഇനം 2-ൽ പ്രസ്തുത നടപടിയുടെ കാരണങ്ങളെന്തെല്ലാം എന്നു തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. 01.12.2018 തീയതി എതിർകക്ഷി ഹർജിക്കാരിക്ക് 2 നമ്പറുകളിലെ 2 കത്തുകളിലായി 2 തരത്തിലുള്ള മറുപടികളാണ് ആയതിനെതിരെ ഹർജിക്കാരി 13.12.2018 ൽ വിവരാവകാശ കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകുകയും ചെയ്തു.

4. 08.08.2019 ൽ കമ്മീഷന്റെ നിർദ്ദേശപ്രകാരം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 21.08.2019 റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൽ പ്രസ്താവിച്ചത്, 31.10.2018 തിയതിയിൽ ഹർജിക്കാരി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിൽ നൽകിയ അപേക്ഷയ്ക്കും, തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ കാര്യാലയം വഴി 31.10.2018 നൽകിയ അപേക്ഷയ്ക്കും 01.12.2018 ന് KASE-1160/2018(1), KASE-1160/2018(2) എന്നീ നമ്പർ കത്തുകൾ പ്രകാരം വിവരം നൽകിയിരുന്നുവെന്നും, KASE യിൽ ഹർജിക്കാരി നൽകിയ അപേക്ഷയിൽ 1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് വിവരാവകാശനിയമം 2005.2.f ലെ "വിവരം" എന്ന നിർവ്വചനത്തിന് കീഴിൽ വരാത്ത കാരണത്താലാണ് അത് കാണിച്ച് മറുപടി നൽകിയതെന്നും. 6-മത്തെ ചോദ്യത്തിന് 20മത് ബോർഡ് മീറ്റിംങ് തീരുമാനപ്രകാരം എന്നും വ്യക്തമാക്കിയിരുന്നുവെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും എതിർകക്ഷി ഹാജരാക്കിയ റിപ്പോർട്ടും പരിശോധിച്ചതിൽ പരാതി ഹർജിക്കാരി നിലവിൽ നിരവധി അപേക്ഷകൾ ടി സ്ഥാപനത്തിൽ നൽകുകയും ആയത് ടി ഓഫീസിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന തരത്തിലാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. ടിയാൾ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായുള്ള എസ്.പി.ഐ.ഒയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടി പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഇന്നേ ദിവസം 2020 ജനുവരി 1-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**